## ചട്ടം 304 പ്രകാരം 22-01-2021 ന് അനുവദിച്ച

## ശ്രീ.ആർ രാജേഷ് എം.എൽ.എ.യുടെ സബ്മിഷനുള്ള മറുപടി

കേന്ദ്ര സർക്കാരിന്റെ ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച ഭരണിക്കാവിനും സമീപ പഞ്ചായത്തുകൾക്കുമായുള്ള ശുദ്ധജല വിതരണ പദ്ധതിയായ ഭരണിക്കാവ് കുടിവെള്ള പദ്ധതിയിൽപ്പെട്ട ഗ്രാമപഞ്ചായത്താണ് മാവേലിക്കര-തെക്കേക്കര. അച്ചൻകോവിലാർ സ്രോതസ്സായുള്ള ഭരണിക്കാവ് കുടിവെള്ള പദ്ധതിയുടെ കിണറും 15 ദശലക്ഷം ലിറ്റർ പ്രതിദിനശേഷിയുള്ള ജല ശുദ്ധീകരണ ശാലയും പ്രായിക്കരയിൽ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ശുദ്ധീകരണ ശാല 2017 മെയ് മാസം കമ്മീഷൻ ചെയ്ത് മാന്നാർ, ചെന്നിത്തല പഞ്ചായത്തുകളിൽ ജല വിതരണം നടത്തി വരുന്നു. തെക്കേക്കരയിൽ കുറത്തിക്കാട് മാർക്കറ്റിൽ ഉന്നതതല സംഭരണിയിലേക്കുള്ള ട്രാൻസ്മിഷൻ മെയിൻ, റിവർ ക്രോസിങ്ങ്, റെയിൽവേ ക്രോസിങ്ങ് എന്നിവ ഒഴികെയുള്ള ഘടകങ്ങൾ പൂർത്തീകരിച്ച കഴിഞ്ഞു. റയിൽവേയുടെ അനുമതി ലഭിക്കാത്തതു കാരണമാണ് പ്രവർത്തികൾ വൈകിയത്. റെയിൽവേ നിർദ്ദേശിച്ച പ്രകാരം ഡിസൈനും പ്രൊപ്പോസലും ഓഗസ്റ്റ് 2017 ന് തിരുവനന്തപുരം റെയിൽവേ ഡിവിഷണൽ മാനേജർക്ക് സമർപ്പിച്ചിട്ടുണ്ട്.

നിലവിൽ പൂർത്തീകരിക്കാനുള്ള ഘടകങ്ങളും വിതരണ ശൃംഖലയും, 9842 ഗാർഹിക കുടിവെള്ള കണക്ഷനുകളും ഉൾപെടുത്തികൊണ്ടുള്ള ഒരു പദ്ധതിക്ക് ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തി 3098.36 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തിയുടെ ആദ്യ ദർഘാസ് 24.11.2020-ന് ക്ഷണിച്ചിരുന്നെങ്കിലും കരാറുകാർ ആരും പങ്കെടുക്കാതിരുന്നതിനാൽ പുനർ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

പ്രസ്തുത ഭരണാനുമതി പ്രകാരം 37.60 ലക്ഷം രൂപയുടെ പണി (Retrofittable) പൂർത്തീകരിച്ച് 97 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ബാക്കി ഭരണാനുമതി തുകയായ 3060.76 ലക്ഷം രൂപയുടെ ഭരണാനുമതി പ്രകാരമുള്ള പ്രവൃത്തികൾ ദർഘാസ് നൽകി, റെയിൽവേ ക്രോസിങ് ഉൾപ്പെടെയുള്ള അനുമതി ലഭ്യമാക്കി ഏറ്റവും വേഗത്തിൽ പദ്ധതി പൂർത്തീകരിച്ച് 9745 കുടിവെള്ള കണക്ഷനുകൾ കൂടി നൽകാനാണ് ഉദ്ദേശിക്കുന്നത്. ദർഘാസ് ലഭിക്കുകയും റയിൽവേ അനുമതി ലഭ്യമാകുകയും ചെയ്യുന്ന മുറക്ക് മാവേലിക്കര-തെക്കേക്കര കുടിവെള്ള പദ്ധതി പൂർത്തീകരിക്കാൻ സാധിക്കും

**ചട്ടം 304 പ്രകാരം ശ്രീ.മോൻസ് ജോസഫ്, എം.എൽ.എ ഉന്നയിച്ച 'കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ വിവിധ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച' സബ്മിഷന് ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രി നൽകാനുളള മറുപടി**

കുറുപ്പന്തറ ആർ.ഒ.ബി

കോട്ടയം ജില്ലയിലെ കുറുപ്പന്തറ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ചുമതല സ.ഉ.(സാധാ) നം. 942/2017/പൊ.മ.വ തീയതി 10/07/2017 പ്രകാരം ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ യെ ഏൽപ്പിക്കുകയും നിർമ്മാണ പദ്ധതിയുടെ ഭാഗമായ DPR കിഫ്ബിയിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തു. കിഫ്ബിയിൽ നിന്ന് Order No. PWD016-03-PA-01 dtd 22.05.2018 പ്രകാരം പദ്ധതിക്കായി 30.56 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. റെയിൽവേയിൽ നിന്ന് GAD ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. P34

പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കുന്നതിനായി അർത്ഥനാപത്രം കോട്ടയം ജില്ലാ കളക്ടർക്ക് RBDCK 17/07/2018 ൽ സമർപ്പിച്ചു. സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

സ്ഥലമേറ്റെടുത്ത് RBDCK യ്ക്ക് കൈമാറിയാലുടൻ തന്നെ നിർമ്മാണത്തിനായുള്ള ടെൻഡർ നടപടികൾ കൈക്കൊള്ളുന്നതാണ്. കിഫ്ബിയും ആർ.ബി.ഡി.സി.കെ.യും അംഗീകരിച്ച അലൈൻമെന്റ് പ്രകാരമാണ് ഈ പദ്ധതിയുടെ നിർമ്മാണം നടപ്പാക്കുന്നത്.

കടുത്തുരുത്തി ആർ.ഒ.ബി

കോട്ടയം ജില്ലയിലെ കടുത്തുരുത്തി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ ചുമതല സ.ഉ.(സാധാ) നം. 942/2017/പൊ.മ.വ തീയതി 10/07/2017 പ്രകാരം ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ യെ ഏൽപ്പിക്കുകയും, നിർമ്മാണ P54

പദ്ധതിയുടെ ഭാഗമായ DPR കിഫ്ബിയിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തു. കിഫ്ബിയിൽ നിന്ന് Order No. PWD016-22/APR-4/2019/KIIFB dtd 28.06.2019 പ്രകാരം പദ്ധതിക്കായി 19.33 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു.

പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കുന്നതിനായി അർത്ഥനാപത്രം RBDCK കോട്ടയം ജില്ലാ കളക്ടർക്ക് 18.11.2019 ൽ സമർപ്പിച്ചു. പദ്ധതിയ്ക്കുള്ള GAD റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. GAD അംഗീകരിച്ചാൽ മാത്രമേ സ്ഥലമെടുപ്പിനുള്ള അതിർത്തി കല്ലുകൾ സ്ഥാപിച്ച് നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. P5(4)

സ്ഥലമേറ്റെടുത്ത് RBDCK യ്ക്ക് കൈമാറിയാലുടൻ തന്നെ നിർമ്മാണത്തിനായുള്ള ടെൻഡർ നടപടികൾ കൈക്കൊള്ളുന്നതാണ്. കിഫ്ബിയും ആർ.ബി.ഡി.സി.കെ.യും അംഗീകരിച്ച അലൈൻമെന്റ് പ്രകാരമാണ് ഈ പദ്ധതിയുടെ നിർമ്മാണം നടപ്പാക്കുന്നത്.

മാഞ്ഞൂർ ആർ.ഒ.ബി- അപ്രോച്ച് റോഡ് നിർമ്മാണം

മാഞ്ഞൂർ ആർ.ഒ.ബി നിർമ്മാണം പാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായി റെയിൽവേ നേരിട്ട് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തിയാണ്. അപ്രോച്ച് റോഡിന് ആവശ്യമായ 0.1565 ഹെക്ടർ സ്ഥലം കോട്ടയം എൽ.എ (റെയിൽവേ) സ്പെഷ്യൽ തഹസിൽദാർ, എൽ.എ.ആർ.ആർ ആക്ട് പ്രകാരം ഏറ്റെടുത്ത് 14/09/2020-ൽ അർത്ഥനാധികാരിയായ റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. P7(4)

13/1/21

13/1/2021

13/1/2021
DS

13/1/2021

13/1/21